# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3681 15.12.2014 -ൽ

മറുപടിക്ക്

### പി.എസ്.സി. യുടെ കമ്പ്യൂട്ടർവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) |
| എ) പി.എസ്.സി യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം എത്രപേർ നാളിതുവരെ രജിസ്റ്റർ ചെയ്തു; ആയതിൽ എത്ര ശതമാനം പേർക്ക് ഓൺലൈൻ പരീക്ഷാ കേന്ദ്രം കൊണ്ട് പ്രയോജനം ലഭിക്കും; | (എ) പി.എസ്.സി യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം 11.12.2014 വൈകുന്നേരം 4.50 വരെ 26,41,266 (ഇരുപത്താറു ലക്ഷത്തി നാൽപത്തി ഒന്നായിരത്തി ഇരുന്നൂറ്റി അറുപത്തി-യാറ് ) പേർ ഒറ്റത്തവണ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രയോജനം എത്ര ശതമാനം എന്നത് മുൻകൂട്ടിപ്പറയുവാൻ കഴിയില്ല. |
| ബി) പി.എസ്.സി യുടെ ആദ്യത്തെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കൃത ഓഫീസായി പ്രവർത്തനം ആരംഭിച്ച കാസർഗോഡ് ജില്ലാ ഓഫീസിൽ ഫയൽ മൂവ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കമ്പ്യൂട്ടർ വഴിയാണോ നടക്കു-ന്നത്; പി.എസ്.സി ആസ്ഥാന ഓഫീസ് പൂർണ്ണമായി കമ്പ്യൂട്ടർ വല്ക്കരിക്കാതെ ഒരു ജില്ലാ ഓഫീസിനെ മാത്രം അപ്രകാരം ചെയ്തതിന്റെ കാരണം വിശദ-മാക്കുമോ; | (ബി) അല്ല. ആസ്ഥാന ഓഫീസ് ഏതാണ്ട് പൂർണ്ണമായും കമ്പ്യൂട്ടർവത്കൃതമാണ്. ജില്ലാ ഓഫീസുകളും പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. |
| സി) ദേവസ്വം ബോർഡ്, മലിനീ-കരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിലെ നിയമന-ങ്ങൾ പി.എസ്.സി വഴി നടത്താത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | (സി) ഇതു സംബന്ധിച്ച സ്പെഷ്യൽ റൂൾ ഇല്ലാത്തതിനാലാണ് ദേവസ്വം ബോർഡ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിലെ നിയമനങ്ങൾ പി.എസ്.സി വഴി നടത്താത്തത്. |

. . . 2)

| | | | |
|---|---|---|---|
| ഡി) | കമ്പ്യൂട്ടർവത്കരണം മൂലം പി.എസ്.സിയിൽ കാര്യ പ്രാപ്തിയും വേഗവും കൈവരിക്കു-ന്നതിന് സാധിച്ചിട്ടുണ്ടോ; വിശ-ദമാക്കുമോ; | (ഡി) + (ഇ) | ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഇ) | സാങ്കേതികമായി പി.എസ്.സി യുടെ പുരോഗതിക്കനുസരിച്ച് ഉദ്യോഗസ്ഥരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഡി & ഇ) അസിസ്റ്റന്റ് മുതലുള്ള ഉദ്യോഗസ്ഥർക്ക് IT Enabled Training നൽകിയിട്ടുണ്ട്. പി.എസ്.സി.യുടെ നിയമന നടപടികളും ഭരണ നിർവഹണവും സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ വേഗത്തിലും സമയബന്ധിതമായും നിർവഹിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ Thulasi Software-ലുള്ള പരിശീലനം അസിസ്റ്റന്റ് മുതലുള്ള ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

സാങ്കേതിക വിഭാഗത്തിലെ ജീവനക്കാർക്ക് അവരുടെ പ്രവർത്തന മികവിനും പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുമായി AKASH SOFTWARE, Cyber Security, Ethical Hacking എന്നീ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

അണ്ടർ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് 'Office Management' വിഷയത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

ഓഫീസുകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അണ്ടർ സെക്രട്ടറി/സെക്ഷൻ ഓഫീസർമാരുടെ ഒരു ബാച്ചിനും അസിസ്റ്റന്റുമാരുടെ 4 ബാച്ചിനും Public Relations-ൽ പരിശീലനം നൽകിയിട്ടുണ്ട്.

വിവരാവകാശ നിയമം സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്ന വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്ക് വിവരാവകാശ നിയമത്തെക്കുറിച്ചുള്ള വിശദമായ പരിശീലനം നൽകിയിട്ടുണ്ട്.

അണ്ടർ സെക്രട്ടറി മുതലുള്ള ഉദ്യോഗസ്ഥർക്ക് National Productivity Council (NPC) നടത്തുന്ന 'Office Management' വിഷയത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ അക്കൗണ്ട്സ് വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി Tally Software-ലും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 'e-result pro' software-ലും റൊട്ടേഷൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് rotation വിഷയത്തിലും ഉദ്യോഗസ്ഥർക്ക് സമഗ്ര പരിശീലനം നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർവത്ക്കരണ നടപടികൾ കാരണം കാര്യപ്രാപ്തിയും വേഗതയും കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. Uniformed forces-ലേയ്ക്കുള്ള സെലക്ഷൻ വാർഷികാടിസ്ഥാനത്തിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. ഓരോ ജൂൺ മാസവും

വിജ്ഞാപനം പുറപ്പെടുവിച്ച് അടുത്ത ജൂൺ മാസത്തിനകം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിൽ ആദ്യത്തെ വിജ്ഞാപനം 2014 ജൂണിൽ പുറപ്പെടുവിക്കുകയും ഇതിന്റെ പരീക്ഷ നടത്തി മൂല്യനിർണ്ണയം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ചുരുക്കപ്പട്ടിക ഉടൻ തന്നെ പ്രസിദ്ധീകരിച്ച് 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ കായികക്ഷമതാ പരീക്ഷ നടത്തി 2015 ജൂൺ മാസത്തിനു മുൻപേ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

കമ്മീഷന്റെ സ്വന്തം ഓൺലൈൻ പരീക്ഷാകേന്ദ്രത്തിൽ വച്ച് ഓൺലൈൻ പരീക്ഷ നടത്തി ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച് ഇന്റർവ്യൂവും നടത്തി 27-ാം ദിവസം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കമ്മീഷന് സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ